ശ്രീ. കെ. മൊയ്തീൻകുട്ടി ഹാജി: സർ, ഞാൻ അതിലേക്കൊന്നുമല്ല പോകുന്നത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ പറഞ്ഞപ്പോൾ 1983-ലേയും 1984-ലേയും രണ്ട് തീയതികളും പറഞ്ഞു. ആ രണ്ട് തീയതിയും റംസാന് മുൻപത്തെ രണ്ട് തീയതി ആയിരുന്നു. അത് നോയ്മ്പുകാലം ആണെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞത് ശരിയല്ല, അത് തിരുത്താൻ വേണ്ടിയാണ് ഞാൻ നോട്ടീസ് തന്നിട്ടുള്ളത്. 10·00 a.m.]

മി. സ്പീക്കർ: അങ്ങ് എഴുതിത്തന്നത് അനുസരിച്ച് മുഖ്യമന്ത്രി പറഞ്ഞ ഡേററിന്റെ തിരുത്തും ഉണ്ടായി. 7-ാം കേരള നിയമസഭ നോയ്മ്പുകാലത്ത് കൂടിയ സമ്മേളനത്തിന്റെ എല്ലാ നടപടികളും ഇതിൽ വച്ചിട്ടുണ്ട്. സഭാ സമ്മേളനം എന്നുപറഞ്ഞാൽ ഡെപ്യൂട്ടി സ്പീക്കറുടെ തെരഞ്ഞെടുപ്പും സഭാ നടപടിയാണ്.

മുഖ്യമന്ത്രി (ശ്രീ. ഇ. കെ. നായനാർ): എന്റെ ഡേററ് തെററാണെങ്കിലും നോയമ്പുകാലത്ത് സമ്മേളനം കൂടിയോ എന്നതാണ് പ്രശ്നം.

മി. സ്പീക്കർ: നോമ്പുകാലത്ത് സമ്മേളനം കൂടി.

ശ്രീ. കെ. കരുണാകരൻ: സർ, ഞങ്ങളും ഇവിടെ ഉന്നയിച്ചത് ഉച്ച തിരിഞ്ഞ് തുടർച്ചയായി ഇരിക്കുന്നതിനെ സംബന്ധിച്ചാണ്. ഒരു മണിക്കൂർ രണ്ടു മണിക്കൂർ കൂടുതൽ കൂടുക എന്നുള്ളതല്ല സഭയുടെ സാധാരണ നടപടിയാണ്.

മി. സ്പീക്കർ: നിയമസഭാ സമ്മേളനം നോയ്മ്പുകാലത്ത് ധാരാളം ദിവസം കൂടിയിട്ടുണ്ട് എന്നുള്ള ഒറ കാര്യമേയുള്ളു. ഇവിടെ ഏഴാം കേരള നിയമസഭയിൽ അത് നടന്നിട്ടുണ്ട്.

ശ്രീ. ഇ. അഹമ്മദ്: അങ്ങ് സ്പീക്കറായിരിക്കുമ്പോഴും ധാരാളം നടന്നിട്ടുണ്ട്, ഞങ്ങളും സമ്മതിക്കുന്നു.

VI. സബ്മിഷൻ

(i) കേരളാ ശിശുക്ഷേമ കൗൺസിലിന്റെ അംഗീകാരമില്ലാതെ ശിശുക്കളെ വിദേശത്ത് അയയ്ക്കുന്നതു സംബന്ധിച്ച്

ശ്രീമതി ലീലാ ദാമോദരമേനോൻ: സർ, കേരള ശിശുക്ഷേമ കൗൺസിലിനേറയോ അഡോപ്ഷൻ കമ്മിററിയുടേയോ അറിവൊന്നും കൂടാതെ ശിശുക്ഷേമ കൗൺസിലിന്റെ ഫൗണ്ട്ലിംഗ് ഹോമിൽ നിന്ന് അല്ലാതെ കുട്ടികളെ വിദേശത്തേയ്ക്ക് അയക്കുന്ന ഒരു പരിപാടി ഇപ്പോൾ കണ്ടുപിടിച്ചിരിക്കുന്നു. ശിശുക്ഷേമ കൗൺസിലിന്റെ പേരിൽ ശിശുക്ഷേമ കൗൺസിലിന്റെ കടലാസ്സുകളും ഉപയോഗിച്ച് ഔദ്യോഗികമാണെന്നുള്ള തരത്തിൽ ഫൗണ്ട്ലിംഗ് ഹോമിൽ നിന്നുമല്ലാതെ പുറമേനിന്നുള്ള കുട്ടികളെ ശിശുക്ഷേമ കൗൺസിലിന്റെ പേരിൽ പുറത്തേയ്ക്ക് അയയ്ക്കുകയാണ്. അമേരിക്കയിലേക്ക് അയച്ചിട്ടുള്ള കുട്ടികളുടെ

LIBRARY ARCHIVES Kerala Legislative Assembly

പേരും വിവരവും ഇവിടെ കിട്ടിയിട്ടുണ്ട് എന്നുള്ളത് കൂടാതെ ഇന്നും ആ പരിപാടി തുടരുന്നുണ്ട് എന്നുള്ളതിന്റെ വ്യക്തമായ തെളിവാണ് ഇന്ന് രണ്ട് കുട്ടികളെ അയയ്ക്കാനുള്ള അപേക്ഷ ശിശുക്ഷേമ കൗൺസിലിന്റെ പേരിൽ കോടതിയിൽ കൊടുത്തിരിക്കുന്നത്. ഇത് ശിശുക്ഷേമ കൗൺസിൽ അംഗീകരിച്ചിട്ടില്ലായെന്നുള്ളത് വാസ്തവമാണ്. ഈ കുട്ടികളെ ഔദ്യോഗികമല്ലാത്ത രീതിയിൽ ശിശുക്ഷേമ കൗൺസിലിന്റെ പേരിൽ, ശിശുക്ഷേമ കൗൺസിലിന്റെ അംഗീകാരം കൂടാതെ വിദേശത്തേക്ക് അയക്കുന്നത് വാസ്തവത്തിൽ അപകടകരമാണ്. ഈ കുട്ടികളുടെ ക്ഷേമവുമൊക്കെ നോക്കാനായിട്ട് നിയോഗിച്ചിട്ടുള്ള കൗൺസിലിന്റെ ഒരു ഉത്തരവാദിത്വവുമില്ലാതെ ഉത്തരവാദിത്വം ഉണ്ടെന്നുള്ള വ്യാജേന അവരെ അയയ്ക്കുകയാണെങ്കിൽ അത് നമ്മുടെ നാട്ടിൽ നിന്ന് കുട്ടികളെ കയറ്റി അയയ്ക്കുന്ന ഒരു പരിപാടിയായിത്തീരുമെന്നുള്ളതുകൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രിതന്നെ കേരള ശിശുക്ഷേമ കൗൺസിലിന്റെ ചെയർമാനായിട്ടുള്ള സ്ഥിതിക്ക് അതിനെപ്പറ്റി അന്വേഷണം നടത്തണം, അതിനെപ്പറ്റി വിവരങ്ങൾ ശേഖരിക്കുകയും വേണം. കുട്ടികളെ അങ്ങനെ ഔദ്യോഗികമല്ലാത്ത രീതിയിൽ പറഞ്ഞയക്കുന്നത് തെറ്റാണ്, അപകടകരമാണ്. കേരളത്തിലെ അനാഥരായിട്ടുള്ള കുട്ടികളെ നോക്കാനായിട്ട് ഇത് ഒരു പരിപാടി അല്ല എന്ന് ചൂണ്ടിക്കാണിക്കുകയാണ്.

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരി അമ്മ): സർ, കോടതി കൂടി അംഗീകരിക്കുന്ന അഡോപ്ഷൻ ആയതുകൊണ്ട് അത് അനുവദിച്ചിട്ടുള്ള കമ്മിറ്റിക്ക് മാത്രമേ അയയ്ക്കാൻ പറ്റുകയുള്ളൂ. അതുകൊണ്ട് ഈ പ്രത്യേക കേസ് ഗവൺമെന്റ് നോക്കിയിട്ട് നാളെ മറുപടി പറയാം.

വിദ്യുച്ഛക്തിയും ഗ്രാമവികസനവും വകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ): സർ, I want a ruling on a specific issue. ഇവിടെ നിരവധി സബ്മിഷൻസ് വന്നിട്ടുണ്ട്. സബ്മിഷൻസ് പലതും പല ഉറപ്പുകളും ചോദിക്കുന്നവയാണ്. ഇലക്ഷൻ കമ്മീഷന്റെ നോട്ടിഫിക്കേഷൻ അനുസരിച്ച് 2-ാം തീയതിതൊട്ട് ഒരു തരത്തിലുള്ള ഉറപ്പുകളോ പ്രോമിസസ്സോ ഇലക്ടറേറ്റിനെ സ്വാധീനിക്കാൻ കൊടുക്കരുതെന്ന ഒരു നിർദ്ദേശം വന്നിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ ഇവിടെ ഉറപ്പുകളും കൊടുക്കാമോ?

ശ്രീ. എം. എം. ഹസ്സൻ: സർ, നാടുനീളെ കല്ലിടാമെങ്കിൽ, പോലീസ് ഉദ്യോഗസ്ഥൻമാരെ സ്ഥലം മാറ്റാമെങ്കിൽ ഈ രണ്ടാം തീയതി ഉറപ്പും തരാം.

ആരോഗ്യ വകുപ്പുമന്ത്രി (ശ്രീ. എ. സി. ഷൺമുഖദാസ്): സർ, രണ്ടാം തീയതി ഇട്ടിട്ടില്ല.

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരി അമ്മ): സർ. പണ്ട് അവർ നടത്തിയതുപോലെയല്ല. ഞങ്ങളൊക്കെ പ്രോജക്ട് റിപ്പോർട്ട് ഉണ്ടാക്കി, പണം വച്ച് അതിനു ആവശ്യമായ നടപടികളും എടുത്തിട്ട് മാത്രമേ കല്ലിട്ടിട്ടുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. ശിവദാസമേനോൻ: ബഹുമാനപ്പെട്ട മെമ്പർ ഹസ്സൻ പറഞ്ഞു, ഇന്നലെ കല്ലിട്ടുവെന്ന്. ഇന്നലെ കല്ലിടാം. 2-ാം തീയതി മുതൽ ഇടാൻ പാടില്ല. 2-ാം തീയതി വരെയേ ഇടാൻ പാടുള്ളൂ എന്നാണ് ഇലക്ഷൻ കമ്മീഷന്റെ നോട്ടിഫിക്കേഷൻ. അതുപ്രകാരം ഇപ്പോൾ ഉറപ്പ് തരാമോ എന്നാണ് ചോദിക്കുന്നത്.

ശ്രീ. ഉമ്മൻചാണ്ടി: സർ, ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രി പറഞ്ഞു, സ്ഥലം എടുത്ത്, എല്ലാ നടപടി ചട്ടങ്ങളും പൂർത്തിയാക്കിയിട്ടാണ് ഉദ്ഘാടനം നടത്തിയതെന്ന്. വലിയ പരസ്യമൊക്കെ കൊടുത്ത വിഴിഞ്ഞം ഫിഷിംഗ് ഹാർബറിനുവേണ്ടി തറക്കല്ലിടാൻ പോയിട്ട് അവിടെ സ്ഥലം എടുക്കുകപോലും ചെയ്തില്ല. അതിന്റെ പേരിൽ ജനങ്ങൾ തടഞ്ഞു; ആ തറക്കല്ലിടീൽ മാറ്റിവയ്ക്കേണ്ടിവന്നു. അതിനെപ്പറ്റി ബഹുമാനപ്പെട്ട ഗൗരി അമ്മയ്ക്ക് എന്താണ് പറയാനുള്ളത്. ഈ നാട്ടിൽ നടന്ന പല ഉദ്ഘാടനങ്ങളും സ്ഥലം പോലും എടുക്കാതെ ആണെന്നുള്ള ആരോപണം ഇവിടെ ഉന്നയിക്കുന്നു.

ശ്രീ. ടി. ശിവദാസമേനോൻ: സർ, ഞാൻ ബഹുമാനപ്പെട്ട ചെയറിനോട് പ്രസക്തമായ ഒരു പോയിന്റ് ഓഫ് ഓർഡറാണ് ഉന്നയിച്ചിട്ടുള്ളത്. എന്താണ് കമ്പറ്റ്യൻ എന്ന് ചോദിച്ചാൽ കുറേ സബ്മിഷൻസ് ഉണ്ട്. അതിൽ കുറേ ഉറപ്പുകളാണ് ഉത്തരം. തറക്കല്ലിടുന്നത് പ്രോമിസാണ്. ആ പ്രോമിസ് 2-ാം തീയതി മുതൽ നടത്താൻ പാടില്ല എന്നാണ് കോഡ് ഓഫ് കോണ്ടക്ട്. നമ്മുടെ ഇലക്ഷൻ കമ്മീഷന്റെ കോഡ് ഓഫ് കോണ്ടക്ട് അനുസരിച്ച് 2-4-1991 മുതൽ ഫൗണ്ടേഷൻ സ്റ്റോറാൺ ഇടുകയോ ഡിസ്ക്രീഷണറി ഫണ്ടിൽ നിന്ന് ഗ്രാൻറ് കൊടുക്കുകയോ ഇലക്ടറേറ്റ്സിനെ സ്വാധീനിക്കാൻ വേണ്ടിയുള്ള പ്രോമിസ് കൊടുക്കുകയോ ചെയ്യാൻ പാടില്ല എന്നാണ് കോഡ് ഓഫ് കോണ്ടക്ട്. കോഡ് ഓഫ് കോണ്ടക്ട് നമ്മൾ എല്ലാവരും അനുസരിച്ചേ പറ്റൂ. 2-4-1991 ആണ് ക്രൂഷ്യൽ ഡേറ്റ്. ഇന്ന് കുറേ സബ്മിഷൻസ് വന്നിട്ടുണ്ട്. ആ സബ്മിഷൻസിൽ നമ്മൾ വല്ല ഉറപ്പുകളും കൊടുത്തുപോയാൽ കോഡ് ഓഫ് കോണ്ടക്ടിന്റെ പ്രേക്ഷ് ആകുകയില്ലേ, അതുകൊണ്ട് ആ കാര്യത്തെ സംബന്ധിച്ച് ചെയറിന്റെ ഒരു റൂളിംഗ് കിട്ടണം.

ശ്രീ. ടി. എം. ജേക്കബ്: സർ, ഇവിടെ സബ്മിഷൻസ് നേരത്തെ ഞങ്ങൾ എഴുതി കൊടുത്തതാണ്. മന്ത്രിയുടെ കയ്യിൽ അതിന്റെ മറുപടിയും കാണും. ആ സബ്മിഷൻസിന് മറുപടി പറയുമ്പോൾ ഇലക്ടറേറ്റ്സിനെ അട്രാക്റ്റ് ചെയ്യാനുള്ള ഉറപ്പ് ഇല്ലാത്ത ധാരാളം സബ്മിഷൻസ് ഇവിടെ ഉണ്ട്. അതൊക്കെ പറയാൻ സാധിക്കും. ഇൻഫർമേഷൻ തരാനുണ്ട്. അതിൽനിന്ന് ഒഴിഞ്ഞുമാറാൻ വേണ്ടി ഒരു ക്രമപ്രശ്നവും പറയുന്നത് ശരിയല്ല.

ശ്രീ. ഇ. അഹമ്മദ്: സർ, ഈ ഹൗസിൽ നൽകുന്ന അഷ്വറൻസ് എല്ലാ കാലത്തും നിലനിൽക്കുന്നതാണ്. The assurance given on the Floor of the House will have the validity even after the tenure of the House is lapsed. ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത് അദ്ദേഹം നടപ്പിലാക്കാത്ത ഉറപ്പുകൾ കൊടുത്തിട്ടുണ്ട്. അദ്ദേഹം കൊടുത്തിട്ടുള്ള ഉറപ്പുകളെ സംബന്ധിച്ചാണ് അദ്ദേഹത്തിന്റെ വിഷമം. ഞങ്ങളെ സംബന്ധിച്ചിടത്തോളം നിയോജകമണ്ഡലത്തിന്റെ പ്രശ്നങ്ങളെ സംബന്ധിച്ച്

LIBRARY ARCHIVES Kerala Legislative Assembly

ഉന്നയിക്കാൻ അവസരം നൽകണം. അദ്ദേഹം ഇലക്ടറേറ്റിനെ ആകർഷിക്കാനുള്ള ഉറപ്പാണ് കൊടുക്കാൻ പോകുന്നത് എന്ന് മനസ്സിൽ ഉണ്ടെങ്കിൽ അത് ഒരുപക്ഷേ തെറ്റായിരിക്കും. ഞങ്ങൾക്ക് വേണ്ടത് ഞങ്ങളുടെ നിയോജകമണ്ഡലത്തിലെ കാര്യങ്ങൾക്കുള്ള ഉറപ്പാണ്.

ശ്രീ. ടി. ശിവദാസമേനോൻ: സർ, ഞാൻ പറഞ്ഞ കാര്യം മനസ്സിലാക്കാതെ പറയുകയാണ്. ഇൻഫർമേഷൻ കൊടുക്കാം. സബ്മിഷൻ തരാം, ഒരു കുഴപ്പവുമില്ല. ഞാൻ അതിൽ നിന്ന് ഗെറ്റ് ഓവർ ചെയ്യാനല്ല. I ask the relevant question because there is a code of conduct. അതില്ല എന്ന് ചെയർ പറഞ്ഞാൽ ചെയ്യാം.

ശ്രീ. എം. എം. ഹസ്സൻ: ഇപ്പോഴും ഇവിടെ നിയമസഭ നിലവിലുണ്ട്. നിയമസഭ പിരിച്ചുവിട്ടില്ല. ഞങ്ങൾ എം. എൽ. എ. മാരാണ്. ജനകീയ ആവശ്യങ്ങൾ സബ്മീഷനായി ഉന്നയിക്കാൻ ഉദാരമായ സമീപനം തരും എന്ന് അങ്ങ് പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ ഞങ്ങൾ കുറേ സബ്മിഷൻസ് കൊടുത്തിട്ടുണ്ട്. കോഡ് ഓഫ് കോണ്ടക്ട് അനുസരിക്കുകയാണെങ്കിൽ എല്ലാ കീഴ്വഴക്കവും അംഗീകരിക്കുകയാണെങ്കിൽ ക്യാബിനറ്റ് ഇലക്ഷൻ നടത്താൻ തീരുമാനിച്ച ദിവസവും അതിനുശേഷം ഒറ്റ കല്ല് ഇടാനോ ഒറ്റ ഉദ്യോഗസ്ഥനെ മാറ്റാനോ പാടില്ല. ധാർമ്മികമായ അവകാശവുമില്ല. 27-ാം തീയതി രാത്രി ക്യാബിനറ്റ് കൂടി നിയമസഭ പിരിച്ചുവിടാനും ഇലക്ഷൻ നടത്താനും തീരുമാനിച്ചിട്ട് നാടുനീളെ നടന്ന് കല്ലിട്ട ആളുകൾ സ്ഥലം പോലും എടുക്കാതെ വീഴിഞ്ഞം മൽസ്യബന്ധന തുറമുഖത്തിന്റെ ഉദ്ഘാടന പരിപാടി മാറ്റിവച്ച ആളുകൾ ജനകീയ ആവശ്യങ്ങൾ ഉന്നയിക്കുന്ന എം. എൽ. എ.-മാരുടെ നടപടിയെത്തന്നെ തടസ്സപ്പെടുത്തുന്നത് ശരിയാണോ?

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണപിള്ള): സർ, ബഹുമാനപ്പെട്ട മെമ്പർ വളച്ചൊടിക്കുകയാണ്. റെപ്രസെന്റേഷൻ ഓഫ് പീപ്പിൾസ് ആക്ട് അനുസരിച്ച് ആണെങ്കിൽ തെരഞ്ഞെടുപ്പ് നോട്ടിഫിക്കേഷൻ വന്നതിനുശേഷം മാത്രമേ ബാധകമുള്ളൂ. വടക്കേ ഇൻഡ്യയിലെ ചില മന്ത്രിമാർ ചെയ്ത കുരുത്തക്കേടുകൾ കൊണ്ടാണ് ഇലക്ഷൻ കമ്മീഷൻ അങ്ങനെയൊരു നിർദ്ദേശം വച്ചിരിക്കുന്നത്. 27-ാം തീയതി ക്യാബിനറ്റ് തീരുമാനം ഉണ്ടായത് പ്രശ്നമല്ല. ഈ ഇലക്ഷൻ കമ്മീഷൻ എടുത്ത തീരുമാനത്തെ ചോദ്യം ചെയ്യാൻ അവകാശം ഇല്ലാത്തതുകൊണ്ട് ഹസ്സന്റെ വികാരത്തോട് യോജിക്കുന്നു. പക്ഷേ പ്രശ്നം കോഡ് ഓഫ് കോണ്ടക്ട് അനുസരിച്ച് ഉറപ്പ് പാടില്ല എന്ന് പറഞ്ഞിരിക്കുന്നത് ആണ്. ഒരു അക്കാഡമിക് കാര്യമാണ് അദ്ദേഹം ചോദിച്ചത്, രാഷ്ട്രീയമല്ല. അതിനാൽ ബഹുമാനപ്പെട്ട സ്പീക്കർ റൂളിംഗ് നൽകണം.

വനവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി (ശ്രീ. പി. എസ്. ശ്രീനിവാസൻ): സർ, ഈ സഭയിൽ പറയുന്ന എല്ലാ പ്രശ്നങ്ങളും ജനങ്ങളുടെ പ്രശ്നമാണ്. ജനങ്ങളുടെ പ്രശ്നങ്ങൾ പറയാം, ഈ സഭ പിരിയുന്നതുവരെ ഇത് നടത്താം. ഇതിനെയകത്ത് നിയമപരമായ യാതൊരു തടസ്സവുമില്ല. ഇവിടെ പറഞ്ഞിട്ടുള്ള കോഡ് ഓഫ് കോണ്ടക്ടിൽ പറഞ്ഞിട്ടുള്ളത് ഇലക്ഷൻ നോട്ടിഫൈ ചെയ്തശേഷം അല്ലാതെ ഇന്നുവരെ ഈ രാജ്യത്ത് ഇങ്ങനെയുള്ള കൂച്ചുവിലങ്ങ് ആർക്കും

LIBRARY ARCHIVES Kerala Legislative Assembly

ഉണ്ടായിരുന്നില്ല. ഇലക്ഷൻ നോട്ടിഫൈ ചെയ്തശേഷംപോലും ചില നിയോജകമണ്ഡലങ്ങളിൽ അനധികൃതമായി നിരവധി കാര്യങ്ങൾ വളരെ ഉത്തരവാദപ്പെട്ട ആളുകൾ ചെയ്തിട്ടുണ്ട്. പദ്ധതികൾ പ്രഖ്യാപിക്കുകയും രാജ്യം മുഴുവനും നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. അതിനൊക്കെ വാലിഡിറ്റി ഉണ്ടായിട്ടുണ്ട്. കോടതിയിൽ പോയിട്ട് കോടതി അനുമതിയായി വായ്പൊളിച്ചിരുന്നിട്ടേയുള്ളു. അതുകൊണ്ട് ഞങ്ങൾ വളരെ മര്യാദയായി, ന്യായമായി ഇപ്പോഴത്തെ കോഡ് ഓഫ് കോണ്ടക്ട് പാലിക്കുന്നവരാണ്. ക്യാബിനറ്റിലെ ഡിസിഷൻ നിയമ വിരുദ്ധമല്ല. അതൊക്കെ ഹസ്സൻ ഇവിടെ പുകമറ സൃഷ്ടിക്കാൻ വേണ്ടി പറയുകയാണ്. ക്യാബിനറ്റ് ഡിസിഷൻ നിയമപ്രകാരമാണ്, അത് നടപ്പിലാക്കാൻ ബാദ്ധ്യസ്ഥമാണ്. 2-ാം തീയതിവരെ കല്ലിടാൻ അവകാശമുണ്ട്. കല്ലുകൾ വളരെ കുറച്ചേ ഉണ്ടായിരുന്നുള്ളു. ഇനിയും ഉണ്ടായിരുന്നുവെങ്കിൽ ഇടാമായിരുന്നു. ഹസ്സൻ കല്ലിടലിൽനിന്ന് ഒഴിഞ്ഞുമാറിയതിൽ വാസ്തവത്തിൽ സങ്കടമുണ്ട്.

മി. സ്പീക്കർ: ബഹുമാനപ്പെട്ട ശിവദാസമേനോൻ ഉന്നയിച്ച പ്രശ്നത്തെ സംബന്ധിച്ച് ഒരു റൂളിംഗ് നൽകാൻ ഞാൻ ആഗ്രഹിക്കുകയാണ്. നമ്മുടെ ഈ നിയമസഭാസമ്മേളനം കൂടിയത് ഭരണഘടനയുടെ 202-ാം വകുപ്പനുസരിച്ചാണ്. 'The Annual Financial Statement, Receipt and Expenditure' അത് പാസ്സാക്കണമെന്നത് ഭരണഘടനാ വ്യവസ്ഥയാണ്. അതിന് അനുബന്ധമായ സമ്മേളനമാണ് നടക്കുന്നത്. ഈ സമ്മേളനത്തിൽ ബിസിനസ് ട്രാൻസ്സാക്ട് ചെയ്യുന്നത് സംബന്ധിച്ചിടത്തോളം നമ്മുടെ നടപടി ചട്ടങ്ങളാണ് ഏറ്റവും പ്രധാനം. ഇലക്ഷനിൽ Peoples' Representation Act-അനുസരിച്ച് പുറപ്പെടുവിച്ചിട്ടുള്ള code of conduct ഈ സഭാ നടപടികൾക്ക് ബാധകമല്ല. ഈ സഭാ നടപടികൾ ഭരണഘടനയിലെ വ്യവസ്ഥയനുസരിച്ച് നടക്കുന്ന നടപടിക്രമങ്ങളാണ്. ഇവിടെ നടക്കുന്ന തീരുമാനങ്ങളും ഇവിടെ നടക്കുന്ന പ്രഖ്യാപനങ്ങളും പ്രിവിലേജ് ആണ്. ഒരു code of conduct-ം ഇതിന് ബാധകമല്ല. അതുകൊണ്ട് ഇവിടെ പറയുന്ന മറുപടി തെരഞ്ഞെടുപ്പ് നിയമത്തിന് വിരുദ്ധമല്ല, ഈ മറുപടികളെല്ലാം നിയമാനുസൃതവും പ്രസക്തവുമായ നടപടികളാണ്. തെരഞ്ഞെടുപ്പ് നടന്നുകൊണ്ടിരിക്കുന്ന അവസരത്തിലാണെങ്കിൽപോലും നിയമസഭ കൂടിക്കൊണ്ടിരിക്കുകയാണെങ്കിൽ പറയാം.

ശ്രീ. ടി. ശിവദാസമേനോൻ: സർ, രോഗി ഇച്ഛരിച്ചതും പാല് വൈദ്യൻ കല്പിച്ചതും പാല്.

ശ്രീ. ഇ. അഹമ്മദ്: സർ, അങ്ങനെയാണെങ്കിൽ ബഹുമാനപ്പെട്ട മെമ്പർ പി. കെ. കെ. ബാവയുടെ കാളിംഗ് അറൻഷനു ബഹുമാനപ്പെട്ട മന്ത്രിക്കു മറുപടി കൊടുക്കാമല്ലോ.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മെമ്പർമാർ സഹകരിക്കണം. ഞാൻ ഒരു പരീക്ഷണത്തിനു മുതിരുകയാണ്. ഇന്ന് 40 സബ്മിഷനുകൾ ഉണ്ട്, ഇന്ന് തീർക്കണം.

ശ്രീ. പി. കെ. കെ. ബാവ: ബഹുമാനപ്പെട്ട മന്ത്രി Code of conduct ന്റെ പേരിൽ മറുപടി പറഞ്ഞിട്ടില്ല. അങ്ങയുടെ റൂളിംഗിന്റെ അടിസ്ഥാനത്തിൽ എനിക്കു മറുപടി വേണം.

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ: മന്ത്രി മറുപടി എങ്ങനെ പറയണമെന്നു് നിർബന്ധിക്കാൻ ചെയറിനു് അവകാശമില്ല.

ശ്രീ. ടി. ശിവദാസമേനോൻ: സബ്മിഷൻ തന്നാൽ ഞാൻ മറുപടി പറയാം.

മി. സ്പീക്കർ: ഈ കാര്യത്തിൽ അർത്ഥശങ്കയ്ക്കിടനൽകാത്ത വിധത്തിൽ പറയുകയാണു് ഈ സഭാ നടപടികളും ഒരു കാരണവശാലും ഇലക്ഷൻ റൂൾസ് അനുസരിച്ചുള്ള നടപടിക്രമങ്ങളെ ബാധിക്കുകയില്ല. ഇവിടെ നടക്കുന്ന ചർച്ചകളും ഭരണഘടനാനുസൃതമാണു്. യാതൊരു സംശയവും ആ കാര്യത്തിൽ വേണ്ട.

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. വി. ജെ. തങ്കപ്പൻ): സർ, ഇന്നത്തെ പത്ര റിപ്പോർട്ടുകൾ വിശ്വസിക്കാമെങ്കിൽ ഇലക്ഷൻ കമ്മീഷൻ പറഞ്ഞിരിക്കുന്നതു് ജാതീയമായ വൈരാഗ്യം ഉണ്ടാക്കുന്ന പരാമർശം പാഞ്ഞാൽപോലും പ്രോസിക്യൂട്ടു് ചെയ്യുമെന്നാണു്. ഒരു തെരഞ്ഞെടുപ്പു കാലത്തു് സർവ്വ അധികാരങ്ങളും ഇലക്ഷൻ കമ്മീഷനുണ്ടു്. അതു് ഭരണഘടനാദത്തമാണു്. അങ്ങേയ്ക്കുള്ള അധികാരവും ഭരണഘടനാദത്തമാണു്. എന്നാൽ ഇലക്ഷന്റെ പീരീഡിൽ ഇലക്ഷൻ കമ്മീഷന്റെ നിർദ്ദേശവും Code of conduct -ം അനുസരിക്കുന്നതാണു് ആരോഗ്യത്തിനു് നല്ലതു് എന്നാണു് ഞാൻ വിശ്വസിക്കുന്നതു്; ഞാൻ അതനുസരിച്ചാണു് പെരുമാറാൻ ഉദ്ദേശിക്കുന്നതും.

മി. സ്പീക്കർ: ഏതൊരു ജനപ്രതിനിധിയായാലും ഇവിടത്തെ നടപടി അനുസരിക്കുന്നതാണു് ഏറ്റവും ആരോഗ്യത്തിനു് നല്ലതു്.

ശ്രീ. ഇ. അഹമ്മദു്: സർ, ഇവിടെ ബഹുമാനപ്പെട്ട ഒരംഗം റൂൾ 62 അനുസരിച്ചു് ഒരു കാളിംഗു് അറന്റൻഷൻ ഉന്നയിച്ചുകഴിഞ്ഞാൽ ആ മെമ്പർക്കു് മറുപടി കിട്ടണമെന്നു് സഭാനടപടിച്ചട്ടം 62 (1) (2) (3) എന്നീ വകുപ്പുകളിൽ പറയുന്നുണ്ടു്. കാളിംഗു് അറന്റൻഷൻ ഉന്നയിച്ച മെമ്പർക്കു് മറുപടി കൊടുക്കാതിരിക്കാൻ ബഹുമാനപ്പെട്ട മന്ത്രി സ്വീകരിച്ച മാർഗ്ഗം ഇലക്ഷൻ കമ്മീഷന്റെ Code of conduct ആണു്. ബഹുമാനപ്പെട്ട ചെയർ പറഞ്ഞിരിക്കുന്നതു് അതു് ബാധകമല്ല എന്നാണു്. അതുകൊണ്ടു് റൂൾ 62 അനുസരിച്ചു് മറുപടി നൽകണമെന്നു് ഞാൻ അഭ്യർത്ഥിക്കുകയാണു്.

മി. സ്പീക്കർ: മന്ത്രി എങ്ങനെ മറുപടി കൊടുക്കണമെന്നു് ചെയറിനു് നിർബന്ധിക്കാനാവില്ല. നേരെമറിച്ചു് മറുപടി അവ്യക്തമോ തൃപ്തികരമോ അല്ലെങ്കിൽ ചെയറിനു് എഴുതിത്തന്നാൽ അതു് പരിശോധിച്ചു് തീരുമാനം എടുക്കാൻ കഴിയും. അല്ലാതെ ഇവിടെയിരുന്നു് ഇന്ന രീതിയിൽ പറയണമെന്നു് നിർബന്ധിക്കാനാവില്ല.

ശ്രീ. ഇ. അഹമ്മദു്: സർ, ഇവിടെ മറുപടി കൊടുത്തിട്ടില്ല. അതു് കിട്ടണമെന്നാണു് പറഞ്ഞതു്.

ശ്രീ. ടി. എം. ജേക്കബു്: സർ, അങ്ങയുടെ റൂളിംഗു് ഈ സഭയിലെ മന്ത്രിമാർക്കും എം. എൽ. എ. മാർക്കും ഒരുപോലെ ബാധകമാണു്. അങ്ങു് നൽകുന്ന റൂളിംഗിനു് വ്യത്യസ്തമായൊരു നിലപാടു് മന്ത്രി സ്വീകരിക്കുന്നതു് ശരിയല്ല. ഭരണകക്ഷിയിലെ എം. എൽ. എ. മാർ പറഞ്ഞാൽ

LIBRARY ARCHIVES Kerala Legislative Assembly

അവർക്ക് അഷ്വറൻസ്, പ്രതിപക്ഷത്തെ എം. എൽ. എ. മാർ പറഞ്ഞാൽ അവർക്ക് അഷ്വറൻസ് ഇല്ല. അങ്ങയുടെ റൂളിംഗ് എല്ലാവരും മാനിക്കണം. ശിവദാസമേനോൻ മാനിച്ചാൽ വി. ജെ. തങ്കപ്പനും മാനിക്കണം.

ശ്രീ. കെ. കരുണാകരൻ: സർ, ഈ സഭയിൽ അങ്ങ് ഒരു റൂളിംഗ് നൽകിയാൽ അതനുസരിച്ച് പ്രവർത്തിക്കുന്ന മന്ത്രിമാർക്ക് എല്ലാ തരത്തിലുള്ള സംരക്ഷണവും ഉണ്ടാകണം. ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞത് ഇലക്ഷൻ കമ്മീഷനെ തീരുമാനവും ഭരണഘടനാപരമായിട്ടുള്ളതാണെന്നാണ്. അദ്ദേഹം പറഞ്ഞത് ശരിയാണ്. ഇലക്ഷൻ കമ്മീഷന്റെ നിർദ്ദേശാനുസരണം പ്രവർത്തിക്കുന്നില്ലെങ്കിൽ സഭയ്ക്ക് പുറത്തുകടന്നാൽ ഉണ്ടാകാവുന്ന നടപടികളും ഭവിഷ്യത്തുകളുമാണ് അദ്ദേഹത്തിന്റെ മനസ്സിൽ ഉയർന്നുവന്നത്. സഭ പിരിച്ചുവിടാൻ പോകുകയാണ്. അദ്ദേഹം സ്വീകരിച്ചിട്ടുള്ള നിലപാട് കുറെക്കൂടി സുരക്ഷിതത്വമായിട്ടുള്ള ഒരു മേഖലയിലേയ്ക്ക് നീങ്ങുകയെന്നുള്ളതാണ്. അങ്ങയുടെ റൂളിംഗ് അനുസരിച്ച് പ്രവർത്തിക്കാൻ എല്ലാവരും ബാദ്ധ്യസ്ഥരാണ്. സഭയുടെ പ്രവർത്തനം ഒരു നിമിഷമാണെങ്കിൽ പോലും അങ്ങയുടെ നിർദ്ദേശം പരിപാലിക്കണമെന്നുള്ളത് നിർബന്ധമാണ്. അങ്ങയുടെ റൂളിംഗ് മാനിക്കുന്നതിന്റെ ഫലമായി ഉണ്ടാകാവുന്ന ഭവിഷ്യത്തുകളെ നേരിടാനും തയ്യാറാകണം. സഭാദ്ധ്യക്ഷൻ നൽകുന്ന വിധി വിധിയാണ്. സഭാദ്ധ്യക്ഷന്റെ നിലപാട് ആദ്യം സ്വീകരിക്കുന്നത് ശരിയായ നടപടിയായിരിക്കും. ബാക്കിയുള്ള കാര്യങ്ങൾ അവർ തീരുമാനിക്കണം.

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരിയമ്മ): സർ, അദ്ദേഹം ഇലക്ഷൻ കമ്മീഷനെ താങ്ങിക്കൊണ്ടാണ് ഇവിടെ സംസാരിച്ചത്. ഭരണഘടനാപരമായിട്ട്, പീപ്പിൾസ് റപ്രസന്റേഷൻ ആക്ട് അനുസരിച്ച് ഇലക്ഷൻ നോട്ടിഫിക്കേഷൻ വരുന്ന ദിവസം മുതലാണ് ഇതെല്ലാം ബാധകമാവുക. എന്നാൽ ആരുടെയൊക്കെ ശുപാർശയുടെ പേരിൽ പുറകോട്ട് മാറി ഒരു നോട്ടിഫിക്കേഷൻ വന്നതാണ്. ഈ നാട്ടിൽ ഒന്നും നടന്നുകൂടാ എന്ന് വിചാരിച്ച് അത് പുറപ്പെടുവിച്ചതാണ്.

മി. സ്പീക്കർ: ഭരണഘടനാപരമായിട്ട് പരിരക്ഷയുള്ള കാര്യങ്ങളാണ് ഇവിടെ പറയുന്നത്. Code of conduct എന്നു പറയുന്നത് ഒരു statute അല്ല. അത് statute-ന് ഉപോൽബലകമായിട്ട് നടക്കുന്ന ഒരു പോളിസിയാണ്. ഇനി No Member of the Legislature of a State shall be liable to any proceedings of any court or any authority in respect of anything said or vote given by him in the Legislature. ഇവിടെ പറയുന്ന ഏത് കാര്യത്തിനും, ഏത് കാര്യം പറഞ്ഞാലും, വോട്ടു ചെയ്താലും അതിന് നടപടി എടുത്തിരുന്നാലും അതിനെല്ലാം പൂർണ്ണമായ സംരക്ഷണം ഈ ഭരണഘടന അനുവദിക്കുന്നുണ്ട്. ഇലക്ഷനൊക്കെ ഭരണഘടനയുടെ സൃഷ്ടിയാണ്. Election Commission s inferior to the House. The House is supreme.

ശ്രീ. പി. കെ. കെ. ബാവ: ബഹുമാനപ്പെട്ട അങ്ങ് നൽകിയ റൂളിംഗിന്റെ അടിസ്ഥാനത്തിൽ ഞാൻ നേരത്തെ ഉന്നയിച്ചിട്ടുള്ള കാളിംഗ് അറ്റൻഷന് മറുപടി നൽകാൻ മന്ത്രിക്ക് ബാദ്ധ്യതയുണ്ട്. അങ്ങ് അത് അനുവദിച്ചുതരണം.

LIBRARY ARCHIVES Kerala Legislative Assembly